16
ജൂൺ
2020

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ് ചെയ്യുക:
8281572448

## പുതിയ പൗരത്വ നിയമം പാസാക്കി

**വെള്ളരിക്കാ കാട്:** ശാന്തിക്കാട്ടിൽ നിന്ന് മാനുകളെ പുറത്താക്കുകയും തൊട്ടടുത്ത വനങ്ങളിൽ നിന്നുള്ള പശുക്കളെ ശാന്തിക്കാട്ടിലേക്ക് കൊണ്ടുവരികയും ചെയ്യുന്ന പുതിയ നിയമം സിംഹരാജാവ് പാസ്സാക്കി. പുലിയും കടുവയും കുറുക്കനുമടക്കം ചെറിയൊരു കൂട്ടം ഒഴിച്ച് ഇതിനെതിരിൽ കാട്ടിലെ മറ്റു പക്ഷിമൃഗാദികളെല്ലാം ഒന്നിച്ച് സമരത്തിലാണ്.



'നാളെ നമ്മളെയും ഈ കാട്ടിൽ നിന്ന് പുറത്താക്കും, അതിനാൽ ഞാനും എന്റെ പാർട്ടിയും ഈ സമരത്തിന് സർവ്വ പിന്തുണയും പ്രഖ്യാപിക്കുന്നു.' പക്ഷികളുടെ നേതാവ് പരുന്ത് പറഞ്ഞു. ഇത് കേട്ട് നാളുകളായി നിറത്തിന്റെ പേരിൽ പരസ്പരം വഴക്കിട്ടിരുന്ന കാക്കയും കൊക്കും തോളോട് തോൾ ചേർന്നു നിന്ന് ഉച്ചത്തിൽ പക്ഷി മൃഗ ഐക്യം സിന്ദാബാദ്, മൃഗീയ ഭരണം തുലയട്ടെ. ആസാദീ.. ആസാദീ..' എന്നുറക്കെ മുദ്രാവാക്യം മുഴക്കി.

**നാജിൽ ഉനൈസ്, ക്ലാസ് 6**
**ഐ. ഇ. സി സെക്കന്ററി സ്കൂൾ,കൊടിഞ്ഞി**


## അധികാരികൾക്ക് മുമ്പിൽ തലകുനിക്കില്ല

**ആനപ്പാറ:** പുതിയ പൗരത്വ നിയമത്തിന് മുമ്പിൽ മുട്ടുമടക്കില്ലെന്ന് മൃഗങ്ങളുടെ നേതാവ് ചെമ്പൻ ആന പറഞ്ഞു. ' "സിംഹരാജാവിന്റെ ഈ അനീതികൾക്കെതിരെ മിണ്ടാതിരിക്കൽ വലിയ തെറ്റാണ്. അതിനാൽ ഞങ്ങളീ സമരത്തിന്റെ മുന്നിലുണ്ടാകും.''

അതുകേട്ടയുടനെ കഴുതചാണ്ടി "ഇല്ല, ഇല്ല പിന്നോട്ടില്ല, അന്ത്യം വരേയും പോരാടും'' എന്നുറക്കെ വിളിച്ചു.

പ്രതിഷേധ സമരത്തിൽ കാട് പ്രകമ്പനംകൊണ്ടു. സിംഹരാജന് തന്റെ തീരുമാനം പിൻവലിക്കേണ്ടി വരുമെന്ന് മൃഗങ്ങൾ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

**നാജിൽ ഉനൈസ്, ക്ലാസ് 6**
**ഐ. ഇ. സി സെക്കന്ററി സ്കൂൾ**
**കൊടിഞ്ഞി**



## റോഷ്നി പശു ജോളിവുഡിലേക്ക്

**കറവമൂല:** വൻ ഹിറ്റായ പെരുച്ചാഴി മങ്കിയും അമിത് കരടിയും' എന്ന സിനിമയിലെ പുതുമുഖ നായിക റോഷ്നി ജോളിവുഡിലേക്ക്. മങ്കിയുടെയും കരടിയുടെയും കൊള്ളരുതായ്മകൾ അവസാനിപ്പിക്കാൻ പരിശ്രമിക്കുന്ന റോളായിരുന്നു റോഷ്നിക്ക് ആ സിനിമയിൽ. ഇങ്ങനെയൊരു അവസരം കിട്ടാനായിരുന്നു ഞാൻ ആഗ്രഹിച്ചിരുന്നത് എന്ന് റോഷ്നി ജംഗിൾ ന്യൂസിനോട് പറഞ്ഞു. ആനവീരൻ നിർമിക്കുന്ന 'പശുവിനെ പ്രേമിച്ച നരേന്ദ്ര മങ്കൻ' എന്ന സിനിമയുടെ ഷൂട്ടിംഗിലാണിപ്പോൾ റോഷ്നി.

**ഷിബില ഷെറിൻ, ക്ലാസ് 10**
**എ. കെ. എം. എച്ച്. എസ്. എസ്**
**കോട്ടൂർ**

## സമരനേതാവായി ചിഞ്ചു പുള്ളിമാൻ

**ന്യൂ ജംഗ്ൾ:** കാട്ടിലെ പൗരത്വ നിയമത്തിനെതിരെയുള്ള സമരത്തിൽ താരമായി ചിഞ്ചു പുള്ളിമാൻ. ന്യൂ ജംഗ്ളിലെ മൃഗഭവൻ യൂനിവേഴ്സിറ്റിയിലെ സമരക്കാരായ വിദ്യാർത്ഥികൾക്ക് നേരെ സിംഹരാജാവിന്റെ പോലിസ് നടത്തിയ



അക്രമങ്ങൾക്ക് നേരെ ഗോബാക്ക് വിളിച്ച് മുന്നിലേക്ക് വരികയായിരുന്നു ചിഞ്ചു. ചാനലുകളെല്ലാം ഉണ്ടായിരുന്നത് കൊണ്ട് പോലീസ് ചിഞ്ചുവിനെ അക്രമിക്കാൻ മുതിർന്നില്ല. പോലീസിനു നേരെ ചിഞ്ചു കൈ ചൂണ്ടുന്ന ചിത്രം വൈറലായതോടെ പലയിടങ്ങളിൽ നിന്നും നിരവധി ഫോൺകോളുകളാണ് ചിഞ്ചുവിന് വരുന്നത്. താനീ സമരത്തിന്റെ മുന്നിൽ തന്നെയുണ്ടാകുമെന്ന് ചിഞ്ചു പുള്ളിമാൻ ജംഗിൾ വൺ ചാനലിനോട് പറഞ്ഞു.

**റാസിം അഫ്ഹം എം. ഇ, ക്ലാസ്: 5**
**എൻ. സി. ടി ഇ. എം. എച്ച്. എസ്**
**വേരുംപിലാക്കൽ**